# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/200/2016   പത്രക്കുറിപ്പ്   2016 സെപ്തംബർ 19

## എം.ജി ഡിഗ്രി ഏകജാലകം: ഫൈനൽ അലോട്മന്റിന്റെ രണ്ടാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു: പ്രവേശനം 22 വരെ

മഹാത്മാ ഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള ഫൈനൽ അലോട്മെന്റിന്റെ രണ്ടാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹത നേടിയ അപേക്ഷകർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം സെപ്തംബർ 22ന് വൈകുന്നേരം നാല് മണിക്കകം അലോട്മെന്റ് ലഭിച്ച കോളജിൽ ഹാജരായി പ്രവേശനം നേടണം. 22നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കുന്നതാണ്. മാനേജ്മെന്റ്/കമ്യൂണിറ്റി ക്വാട്ടാകളിൽ പ്രവേശന നടപടിക്രമങ്ങളും സെപ്തംബർ 22നകം പൂർത്തിയാക്കണം.

## എം.ജി പി.ജി ഏകജാലകം: ആദ്യ അലോട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനം 20 വരെ

എം.ജി സർവ്വകലാശാല ഏജാലകം വഴിയുള്ള പി.ജി പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റ് ലഭിച്ചവർ ഓൺലൈൻ പെയ്മെന്റ് ഗേറ്റ് വെ വഴി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് സെപ്തംബർ 20ന് വൈകുന്നേരം 4 മണിക്കകം അലോട്മെന്റ് ലഭിച്ച കോളജിൽ യോഗ്യതതെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യണം. 20നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കും. തുടർന്നുള്ള അലോട്മെന്റുകളിലേക്ക് ഇവരെ പരിഗണിക്കുന്നതല്ല.

താൽക്കാലിക പ്രവേശനം നേടുന്നവർ തങ്ങളുടെ അലോട്മെന്റ് മെമ്മോയും അസ്സൽ സാക്ഷ്യപത്രങ്ങളും കോളജുകളിലെ പരിശോധനയ്ക്ക് ശേഷം തിരിച്ച് വാങ്ങണം. ഇവർ കോളജിൽ പ്രത്യേകമായി ഫീസൊടുക്കേണ്ടതില്ല. എന്നാൽ ഓൺലൈനായി നിശ്ചിത സർവ്വകലാശാല ഫീസൊടുക്കേണ്ടതാണ്.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോടമെന്റിൽ തൃപ്തനാണെങ്കിൽ തുടർ അലോടമെന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ഹയർ ഓപ്ഷനുകൾ റദ്ദാക്കുന്നതിനും ഓപ്ഷൻ പുനഃക്രമീകരിക്കുന്നതിനുമുള്ള സൗകര്യം ഈ മാസം 21,22 തീയതികളിൽ ലഭിക്കും. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ളഅലോട്മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം മാറ്റം ലഭിക്കുന്നപക്ഷം പുതിയ അലോട്മെന്റ് നിർബന്ധമായും സ്വീകരിക്കണം. ആദ്യ ലഭിച്ച അലോട്മെന്റ് നഷ്ടപ്പെടുകയും ചെയ്യും. ഇപ്രകാരം മാറ്റം ലഭിക്കുന്ന വർ പുതുതായി ഫീസൊടുക്കേണ്ടതില്ല. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകർക്ക് രണ്ടാം അലോട്മന്റ് വരെ താൽക്കാലികമായി പ്രവേശനം നേടാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളജുകളിൽ നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി സ്ഥിരപ്രവേശനം ഉറപ്പു വരുത്തണം. കോളജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിന് ശേഷം കൺഫർമേഷൻ സ്ലിപ് കോളജധികൃതരിൽ നിന്നും വാങ്ങുകയും തങ്ങളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വിവിധ പ്രോഗ്രാമുകളിലേക്ക് നിശ്ചയിച്ചിരിക്കുന്ന ട്യൂഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. ഹെൽപ് ലൈൻ നമ്പർ 0481-6555563, 0481-2733379/2733581.

## മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ഓൺലൈൻ അപേക്ഷ 22 വരെ

2013 അഡ്മിഷൻ മുതലുള്ള മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് യു.ജി സപ്ലിമെന്ററി/റീഅപ്പിയറൻസ് പരീക്ഷകൾക്കായി ഓൺലൈൻ അപേക്ഷ യൂണിവേഴ്സിറ്റി പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ട തീയതി സെപ്തംബർ 22ന് (വ്യാഴാഴ്ച) വൈകിട്ട് 5 മണിവരെയായി നീട്ടി. ഫീസ് അടയ്ക്കേണ്ട തീയതികളിൽ മാറ്റം ഉണ്ടായിരിക്കില്ല. ചില സാങ്കേതിക കാരണങ്ങളാൽ ഫലം തടഞ്ഞുവെക്കപ്പെട്ടിട്ടുള്ള മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് യു.ജി വിദ്യാർത്ഥികൾക്ക് റീഅപ്പിയറൻസിനായി പിഴ കൂടാതെ ഓൺലൈനായി

അപേക്ഷിക്കുവാനുള്ള തീയതി സെപ്തംബർ 24 (ശനിയാഴ്ച) വരെ നീട്ടി. മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്എസ് യു.ജി റഗുലർ വിദ്യാർത്ഥികൾക്കുവേണ്ടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിശദമായ ടൈംടേബിൾ 2013, 2014 വർഷങ്ങളിലെ സപ്ലിമെന്ററി/റീഅപ്പിയറൻസ് വിദ്യാർത്ഥികൾക്കും ബാധകമായിരിക്കും.

## രണ്ടാം സെമസ്റ്റർ പി.ജി ഇന്റേണൽ മാർക്ക്

രണ്ടാം സെമസ്റ്റർ പി.ജി വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്കുകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി സെപ്തംബർ 22ന് വൈകിട്ട് അഞ്ച് മണി വരെയായി നീട്ടി.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് മോഡൽ ഒന്ന്, ബി.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്, ബി.എസ്.സി ഇൻഡസ്ട്രിയൽ മൈക്രോബയോളജി ആന്റ് സുവോളജി, ബി.എസ്.സി പെട്രോകെമിക്കൽസ് (കോംപ്ലിമെന്ററി കോഴ്സ് : കംപ്യൂട്ടർ സയൻസ് – പ്രോഗ്രാമിംഗ് വിത്ത് സി) സി.ബി.സി.എസ്.എസ് (2015 അഡ്മിഷൻ റഗുലർ/2014, 2013 അഡ്മിഷൻ റീ അപ്പിയറൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ സെപ്തംബർ 28, 29 തീയതികളിൽ അതത് സെന്ററുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഒക്ടോബർ 1 വരെ സ്വീകരിക്കും.

## സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ത്രിവൽസര എൽ.എൽ.ബി (4 പി.എം – 9 പി.എം) കോഴ്സിന് എസ്.റ്റി വിഭാഗത്തിൽ നാലും, ബി.ബി.എ എൽ.എൽ.ബി കോഴ്സിന് എസ്.റ്റി വിഭാഗത്തിൽ ഒരു സീറ്റും ഒഴിവുണ്ട്. സർവ്വകലാശാല നോട്ടിഫിക്കേഷൻ പ്രകാരം നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾ സെപ്തംബർ 22ന് രാവിലെ 10.30ന് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാകണം. ഫോൺ 0481–2310165.

## യു.ജി.സി നെറ്റ്/ജെ.ആർ.എഫ് പരിശീലനം

എം.ജി സർവ്വകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ യു.ജി.സി നടത്തുന്ന നെറ്റ്/ജെ.ആർ.എഫ് പരീക്ഷകൾക്കുള്ള സൗജന്യപരിശീലനപരിപാടിയിൽ ഇംഗ്ലീഷ്, കൊമേഴ്സ് വിഷയങ്ങൾക്കുള്ള ക്ലാസ് സെപ്തംബർ 24ന് ആരംഭിക്കും. പരിശീലന പരിപാടിയിൽ പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ബി.സി/മൈനോറിറ്റി/ബി.പി.എൽ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പേര് രജിസ്റ്റർചെയ്യണം. ഫോൺ 0481–2731025.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)